Scarlett സെൻക്ലെയറിന്റെ A Touch of Darkness എന്ന നോവൽ
ഒൻപതാം അദ്ധ്യായം , ആസ്വാദനം നീനാ പനക്കൽ
****

റോക്ക് , പേപ്പർ , സിസ്സേർസ് എന്നൊരു ഗെയിമാണ് പെർസെഫനി തെരഞ്ഞെടുത്തത്. അങ്ങനെ ഒരു ഗെയിമിനെക്കുറിച്ച് ഹെയ്ഡിസ് കേട്ടിട്ടുപോലും ഉണ്ടായിരുന്നില്ല. കളിക്കുമ്പോൾ അവൾ ഹെയ്ഡിസിന്റെ കോൺട്രാക്ടകളെ കുറിച്ചാണ് സംസാരിച്ചുകൊണ്ടിരുന്നത് .

പണം, പ്രതാപം, പ്രസിദ്ധി ,പ്രണയം എന്നിവയ്ക്കൊപ്പം മദ്യപാനവും ചൂതുകളിയും മൂലം നഷ്ടമായതുമെല്ലാം തിരിച്ചുപിടിക്കാൻ വേണ്ടിയാണത്രെ മനുഷ്യർ (mortals)ഹെയ്ഡിസുമായി കോൺട്രാക്ട് വയ്ക്കുന്നതും ചൂതുകളിക്കുന്നതും.

" മനസ്സിന് ഒട്ടും ശക്തിയില്ലാത്തവർ ആണ് മനുഷ്യർ."

'രോഗത്തെ വെല്ലാനാണ് അവർക്ക് ശക്തിയില്ലാത്തത് .'പെർസെഫനി തീർത്തു പറഞ്ഞു.

"എന്ത് രോഗം? "

' മദ്യപാനം ഒരു രോഗമാണ് ഹെയ്ഡിസ് .' കളി കഴിയുംവരെ അവൾ മനുഷ്യർക്ക് വേണ്ടി വാദിച്ചു കൊണ്ടിരുന്നു.

"എന്റെ സ്ഥാനത്ത് നീയായിരുന്നുവെങ്കിൽ മദ്യപാനികൾക്ക് വേണ്ടി നീയെന്തു ചെയ്യും?"

' ഒന്നാമത്തെ കാര്യം , അവരുടെ ആത്മാക്കളെ പണയമായി വയ്ക്കാൻ ഞാൻ സമ്മതിക്കില്ല. രണ്ടാമത് , അവരെ പുനരധിവസിക്കാൻ സഹായിക്കുമായിരുന്നു. ഒരു റീഹാബിൽ പോകാൻ നിർബന്ധിക്കും , അതിനുള്ള പണച്ചെലവും ഞാൻ വഹിക്കും. നിങ്ങൾക്കുള്ളത്ര ധനം എനിക്കുണ്ടായിരുന്നെങ്കിൽ ഞാൻ അതുതന്നെ ചെയ്യും.'

അവളുടെ വാദം ഹെയ്ഡിസിനു ഇഷ്ടപ്പെട്ടു. അയാൾ പെർസെഫനിയെ മാറോട് അണ യ്ക്കാൻ തുടങ്ങിയതും മിൻതി അവിടെ പ്രത്യക്ഷപ്പെട്ടു. അവളുടെ മുഖം അസൂയ കൊണ്ട് നിറഞ്ഞു.

" നീയെന്തിനാ ഇപ്പോഴിങ്ങോട്ട് വന്നത്?" ഹെയ്ഡിസിന്റെ നിരസം വാക്കുകളിൽ സ്പഷ്ടമായിരുന്നു.

' മൈ ലോർഡ് , കേറൂൺ സിംഹാസനമുറിയിൽ വന്നിരിക്കുന്നു, അങ്ങയെ കാണണം എന്ന് പറയുന്നു.'

" എന്ത് കാര്യത്തിന്?"

'ഒരു മനുഷ്യൻ അയാളുടെ തോണിയിൽ അതിക്രമിച്ച് കയറാൻ ശ്രമിച്ചുവത്രെ.'

ഹെയ്ഡിസ് പെർസെഫനിയുടെ നേർക്ക് കൈ നീട്ടി. " വരൂ എന്നോടൊപ്പം".

വെള്ള നിറത്തിലുള്ള വസ്ത്രം ധരിച്ച് സ്വർണ്ണ കിരീടം അണിഞ്ഞ ഒരു ദേവൻ ? ഇയാളാണോ കേറൂൺ ? അയാളുടെ തലമുടി രണ്ടായി മെടഞ്ഞു സ്വർണ്ണനാട കൊണ്ട് ഉറപ്പിച്ചിരുന്നു . ഗ്രീക്ക് ടെക്സ്റ്റ് ബുക്കുകളിൽ ഇയാളെ ഒരു വൃദ്ധനായി ,ഒരു അസ്ഥിപഞ്ജരമായി , കറുത്ത വസ്ത്രം ധരിച്ച ഒരാളായി ചിത്രീകരിച്ചിരുന്നവല്ലോ എന്ന് പെർസെഫനി അതിശയിച്ചു . കേറൂൺ ആദ്യം ഹെയ്ഡിസിനെ നോക്കി. പിന്നെ പെർസെഫനിയെയും .

' നിങ്ങളാണോ കേറൂൺ ?' പെർസെഫനി ചോദിച്ചു.

' തീർച്ചയായും മൈ ലേഡി '

' എന്നെ പെർസെഫനി എന്ന് വിളിച്ചാൽ മതി.'

" വേണ്ട. മൈ ലേഡി എന്നുതന്നെ വിളിച്ചാൽ മതി." ഹെയ്ഡിസ് ആജ്ഞാപിച്ചു.

ഹെയ്ഡിസ് കൈ വീശി . ആ സിംഹാസനമുറിയിൽ ഒരു ചെറിയ സിംഹാസനം കൂടി പ്രത്യക്ഷമായി. ഹെയ്ഡിസ് പെർസെഫനിയെ അതിൽ ഇരുത്തി. " നീയൊരു ദേവതയാണ്. നീയും സിംഹാസനത്തിൽ തന്നെ ഇരിക്കണം. " ഇനി പറയൂ കേറൂൺ എന്താ കാര്യം?"

" ഓർഫ്യൂസ് എന്ന് പേരുള്ള ഒരു മനുഷ്യൻ എന്റെ തോണിയിൽ കയറാൻ ശ്രമിച്ചു. അയാൾക്ക് താങ്കളെ നേരിട്ട് കാണണമത്രേ."

" എവിടെ അയാൾ?"

കേ റൂൺ കൈ ഞൊടിച്ചതും കൈകൾ രണ്ടും പിറകിൽ കെട്ടപ്പെട്ട ,മുട്ടുകുത്തി നിൽക്കുന്ന ഒരു രൂപം പ്രത്യക്ഷമായി.

‘ ഇയാൾ ഉപദ്രവകാരിയാണോ?’ പെർസെഫനി ചോദിച്ചു. ‘ നിങ്ങൾക്കിവന്റെ ആത്മാവിനെ കാണാമല്ലോ. ഇവൻ ഉപദ്രവകാരിയാണോ?’

“ അല്ല. ഇവൻ ഉപദ്രവകാരിയല്ല.” ഹെയ്ഡിസ് പറഞ്ഞു.

‘ പിന്നെന്തിനാ ഇവനെ ബന്ധിച്ചിരിക്കുന്നത്?’ നിമിഷം കൊണ്ട് അയാൾ ബന്ധനം അഴിഞ്ഞു താഴെ വീണു’ .താങ്ക് യു മൈ ലേഡി ‘ അയാൾ പറഞ്ഞു.

“എന്ത് വേണം നിനക്ക് ?”

‘ ഞാൻ എന്റെ ഭാര്യയെ തേടി വന്നതാണ്.എനിക്കൊരു കോൺട്രാക്ട് വേണം. എന്റെ ആത്മാവിനെ എടുത്തിട്ട് അവളുടെ ആത്മാവിനെ എനിക്ക് തരണം.’

‘ ഞാൻ ആത്മാവിനെ കൈമാറ്റം ചെയ്യില്ല മനുഷ്യാ’

ഓർഫ്യൂസ് പെർസെഫനിയെ നോക്കി. “പ്ളീസ് മൈ ലേഡി “

‘എന്താണ് നിന്റെ ഭാര്യയുടെ പേര് ?’ അവൾ ചോദിച്ചു.

‘യുറിഡിസി മൈ ലേഡി . ഞങ്ങളുടെ വിവാഹ പിറ്റേന്ന് അവൾ മരിച്ചു. അവൾ ഉറങ്ങാൻ പോയി. പിന്നെ ഉണർന്നില്ല.’

പെർസെഫനിക്ക് അയാളോട് കരുണ തോന്നി. അവളുടെ നെഞ്ചിൽ ദുഃഖം തളം കെട്ടി.

“വിധിദേവതമാർ അവളുടെ ആയുസ്സിനെ കുറച്ചതാണ് “ ഹെയ്ഡിസ് പറഞ്ഞു.

“ ലോർഡ് ഹെയ്ഡിസ്, ഞാൻ എന്റെ ഭാര്യയെ സ്നേഹിക്കുന്നു. അവളെ എനിക്ക് തിരികെ തരണം. പ്ളീസ് .’

“ നീ വന്നത് അവൾക്ക് വേണ്ടിയല്ല . നിനക്ക് വേണ്ടി, നിന്റെ സന്തോഷത്തിനുവേണ്ടി മാത്രമാണ്. നിന്റെ അപേക്ഷ ഞാൻ സ്വീകരിക്കില്ല. കേറൂണ് നീ അവനെ എന്റെ മുന്നിൽ നിന്ന് കൊണ്ടുപോ’

അവർ മറഞ്ഞു.

പെർസെഫനിക്ക് ഹെയ്ഡിസിന്റെ മുഖത്തു നോക്കാൻ തോന്നിയില്ല . ഇത്രക്ക് ക്രൂരനാണോ ഈ ദേവൻ?

“ ലവ് സ്റ്റോറിയും പറഞ്ഞു ഇതാദ്യമല്ല മനുഷ്യർ ഇവിടെ വരുന്നത്.” ഹെയ്ഡിസ് പറഞ്ഞു.

‘നിങ്ങൾ ഓർഫ്യൂസിനു അവന്റെ ഭാര്യയെ കൊടുത്തില്ല, അവന്റെ ഭാര്യയെ ഒന്ന് കാണാൻ, അവൾ അധോലോകത്ത് സന്തോഷവതി ആണെന്ന് അവനു കാണിച്ചുകൊടുക്കാൻ പോലും നിങ്ങൾ തയ്യാറായില്ല.’

മിൻതി ഇടപെട്ടു. ‘ഞാൻ പെർസെഫനിയെ പുറത്താക്കട്ടെ മൈ ലോർഡ്?’ അവൾ ചോദിച്ചു.

“ നീ അവളെ “മൈ ലേഡി ‘“ എന്ന് വിളിക്കണം. നിനക്ക് പോകാം.” ഹെയ്ഡിസ് പെർസെഫനിയെ നോക്കി. “ ഞാൻ എന്റെ സാമ്രാജ്യം ഭരിക്കുന്നതിൽ നിനക്ക് അഭിപ്രായ വ്യത്യാസമുണ്ട് എന്നെനിക്ക് തോന്നുന്നു.”

‘ ഇത്രമാത്രം പവർ ഉണ്ടായിട്ടും മനുഷ്യരെ വേദനിപ്പിക്കുക മാത്രമാണ് നിങ്ങൾ ചെയ്യുന്നത്. ഒരു ദേവതയായ എന്നോടുപോലും നിങ്ങൾ ദയാലു ആയിരുന്നില്ല. നിങ്ങൾ ചുംബിച്ചപ്പോൾ എന്റെ മനസ്സിൽ നിങ്ങളോട് തോന്നിയ സ്നേഹവും പ്രണയവും ഇവിടെ അവസാനിക്കുകയാണ് . യു ആർ എ റൂത്ത് ലെസ്സ് ഗോഡ് .’

പെർസെഫനി കൈ ഞൊടിച്ച് അപ്രത്യക്ഷയായി.

****